©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)

## 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]**

**2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

913/2021.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV
# വ്യവസായവും ധാതുക്കളും
# (2021-2023)

## ഘടന

<u>ചെയർമാൻ :</u>

ശ്രീ. പി. രാജീവ്,
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു *(നെന്മാറ)*

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ 30-6-2021-ൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2021 ജൂൺ 30-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. രാജീവ്,

തിരുവനന്തപുരം,
2021, ജൂൺ 30.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്, 2020 ഫെബ്രുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 44 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച നടപടി പത്രികകൾ 30-6-2021-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2020-21-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും അധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അധ്യായം II ആയും ചേർത്തിരിക്കുന്നു.

## അധ്യായം I

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2851-00-004-99—വാണിജ്യ വികസനം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

വാണിജ്യമേഖലയുടെ വളർച്ച ശക്തിപ്പെടുത്തി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചും സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും സർക്കാരിന്റെ നികുതി വരുമാനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വാണിജ്യമേഖലയുടെ വികസനത്തിനായുള്ള പഠനത്തിനും വികസന പരിപാടികൾക്കും വാണിജ്യ മിഷന്റെ അടിസ്ഥാന സൗകര്യവികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ, വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾക്കായി അധിക തുകയായി 4 കോടി രൂപ 2851-00-004-99 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന ശിപാർശ കൂടി പരിഗണിച്ച് 28/12/2020-ലെ ജി.ഒ. (ആർറ്റി.)7536/2020/ധന. ഉത്തരവ് പ്രകാരം "99 Development of Commerce" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1,01,18,000 (One Crore One Lakh Eighteen Thousand only) രൂപ അധിക തുകയായി അനുവദിച്ച് വകയിരുത്തുകയും പ്രസ്തുത തുക കെ-ബിപ്പിന് കൈമാറി നൽകിയിട്ടുള്ളതാണ്.

<u>ശിപാർശ</u>

2851-00-103-74—<u>പരിശീലനവും വികസനവും</u>

ബഡ്ജറ്റ് വിഹിതം: 1.68 കോടി രൂപ (പ്ലാൻ)

പരിശീലനം വൈവിധ്യം ശേഷി വികസന പരിപാടിയുടെ കീഴിൽ കണ്ണൂരുള്ള ഐ. ഐ. എച്ച്. റ്റി.-യുടെ ഭരണപരമായ ചെലവുകൾക്കും പരിശീലന പരിപാടികൾക്കും അധ്യാപകർക്കുള്ള ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

2851-00-103-74 (P) എന്ന ശീർഷകത്തിൽ നടപ്പുവർഷം അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും വിനിയോഗിച്ചു തീരുന്ന മുറയ്ക്ക് അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം ആവശ്യമായ ധനപുനഃവിനിയോഗ ശിപാർശ ലഭ്യമാക്കാൻ ഐ.ഐ.എച്ച്.റ്റി. എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

2851-00-106-92-(02)—<u>വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി) (സംസ്ഥാന വിഹിതം)</u>

ബഡ്ജറ്റ് വിഹിതം: 6.72 കോടി രൂപ (പ്ലാൻ)

കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും പ്രചാരണം, വിൽപ്പനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കോമേഴ്സ്, പ്രവർത്തന നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കും കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ

സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കയർ മേഖലയിൽ ധനസഹായം നൽകുന്നതിനുള്ള 15 കോടി രൂപയുടെ കുടിശ്ശിക അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

8.28 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2851-00-106-67—കയർ ജിയോ ടെക്സ്റ്റയിൽസ് വികസനത്തിനും വിപണനത്തിനുമുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 42 ലക്ഷം രൂപ (പ്ലാൻ)

മാതൃകാ പദ്ധതികൾ നടപ്പാക്കുക, സ്റ്റാൻഡേർഡ് എഞ്ചിനീയറിംഗ് മെറ്റീരിയലായി കയർ ഭൂവസ്ത്രം ഉൾപ്പെടുത്തുക, ഭൂവസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, ഗവേഷണ വികസന ഓറിയന്റേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയുള്ള സമഗ്ര ഭൂവസ്ത്ര വികസന പരിപാടിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

8 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2851-00-106-54—ഉത്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം
ബഡ്ജറ്റ് വിഹിതം: 3.36 കോടി രൂപ (പ്ലാൻ)

കയർ മേഖലയിൽ കയറുൽപ്പന്നങ്ങളുടെ സ്ഥായിയായ ഉൽപ്പാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും മുഖാന്തരം കയറിന്റെയും പി.വി.സി., റബ്ബർ അധിഷ്ഠിത കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതിയും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായും കുടിശ്ശിക അപേക്ഷകൾ അനുവദിക്കേണ്ടതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി 2 കോടി രൂപയും റീ അപ്രോപ്രിയേഷൻ വഴി 6 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2851-00-106-34—വില വ്യതിയാന നിധി
ബഡ്ജറ്റ് വിഹിതം: 38 കോടി രൂപ (പ്ലാൻ)

കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കു വേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 40000 ടൺ കയർ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനാവശ്യമായ ചകിരിയും മറ്റ് ഉൽപ്പന്നങ്ങളും ചെലവിന് അനുസൃതമായ വിലയ്ക്ക് പി.പി.എസ്.എസ്. പദ്ധതി വഴി സംഭരിക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോളവിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും നിയമാനുസൃത കൂലി ഉറപ്പാക്കുന്നതിനും ഈ ശീർഷകത്തിൽ അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ വഴി 40 കോടി രൂപയും റീ അപ്രോപ്രിയേഷൻ വഴി 3 കോടി രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4851-00-190-99—<u>കേരള കൈത്തറി വികസന കോർപ്പറേഷൻ നിക്ഷേപങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 74 ലക്ഷം രൂപ (പ്ലാൻ)

ഹാൻവീവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് ഉൽപ്പാദന കേന്ദ്രങ്ങൾ, വിൽപ്പനശാലകൾ, ഓഫീസുകൾ തുടങ്ങിയവ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി അനുവദിച്ച ബഡ്ജറ്റിലെ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

4851-00-190-99 (P) എന്ന ശീർഷകത്തിൽ നടപ്പുവർഷം അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും വിനിയോഗിച്ചുതീരുന്ന മുറയ്ക്ക് അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം ആവശ്യമായ ധനപുനഃവിനിയോഗ ശിപാർശ ലഭ്യമാക്കുവാൻ ഹാൻവീവ് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

6858-60-190-89—<u>ഓട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ</u>

ബഡ്ജറ്റ് വിഹിതം: ഇല്ല

ബോഗി നിർമ്മാണത്തിനുള്ള ഓട്ടോമാറ്റിക് ഹൈപ്രഷർ മോൾഡിംഗ് ലൈനും കെട്ടിടവും നിർമ്മിക്കുന്നതിനുവേണ്ടി 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (പേജ് നമ്പർ 54) 20 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

6860-01-190-95—<u>കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം: 28.79 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും യൂണിറ്റുകളിലും ഒരു ഇ.ആർ.പി. സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും ഉൽപ്പന്നങ്ങൾ അംഗീകൃത അന്താരാഷ്ട്ര ഗുണമേന്മാ നിലവാരത്തിൽ തയ്യാറാക്കുന്നതിനും, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കരസ്ഥമാക്കാൻ കഴിയുന്ന വിധത്തിൽ യൂണിറ്റുകളെ അന്താരാഷ്ട്ര ഗുണമേന്മാ നിലവാരത്തിലെത്തിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഭാഗമായി 7 യൂണിറ്റുകളും ഒരു ഹെഡ് ഓഫീസും കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളുടെയും ഹെഡ്ഓഫീസിന്റേയും ഏകീകരിച്ച കാര്യക്ഷമത, അവസരോചിതമായ തീരുമാനമെടുപ്പ്, ഫലപ്രദമായ കാര്യനിർവ്വഹണം, കാര്യക്ഷമമായ നിരീക്ഷണവും നടത്തിപ്പും തുടങ്ങിയതിലേയ്ക്കായി ഒരു ഇ. ആർ. പി. സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നത് അനിവാര്യമാണ്. മേൽപ്പറഞ്ഞ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി കോർപ്പറേഷന് കേരള സർക്കാർ വകയിരുത്തിയ 7.60 കോടി രൂപയിൽ 2.60 കോടി രൂപ കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. കോർപ്പറേഷന് കീഴിലുള്ള 7 യൂണിറ്റുകളേയും ഏകോപിപ്പിക്കുന്നതിനായി, ഒരു യൂണിറ്റിന് ഏകദേശം 30 ലക്ഷം രൂപ കണക്കിൽ 2.10 കോടി രൂപ കോർപ്പറേഷന് ആവശ്യമുണ്ട്. അതിനാൽ സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക-41-ൽ പരമാർശിച്ചിട്ടുള്ള പ്രകാരം 2 കോടി രൂപ അധിക ധനസഹായമായി ഉപധനാഭ്യർത്ഥന വഴി 6860-01-190-95 (P) ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകുന്ന വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പിനോട് അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ നടപ്പുസാമ്പത്തികവർഷത്തെ പദ്ധതി

പ്രവർത്തനങ്ങളുടെ ഭാഗമായി ഇ.ആർ.പി. സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന് തുക വകയിരുത്താൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിക്കുകയും അടുത്തവർഷത്തെ പദ്ധതിയിൽ പ്രസ്തുത തുക ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

<u>സ്പിന്നിംഗ് മിൽ സൗരോർജ്ജ നിർമ്മാണം</u>

സംസ്ഥാനത്തെ മൊത്തം 17 സ്പിന്നിംഗ് മില്ലുകളുടെയും പ്രവർത്തനമൂലധനത്തിന് വൈദ്യുതി കുടിശ്ശികയും മറ്റുംമൂലം പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സ്പിന്നിംഗ് മില്ലുകളുടെ ഉപയോഗശൂന്യമായ കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തി സൗരോർജ്ജ നിർമ്മാണം നടത്തുകയാണെങ്കിൽ വൈദ്യുതി ചാർജിൽ ഇളവ് ലഭിക്കുകയും പ്രവർത്തന മൂലധനം ലഭിക്കുകയും ചെയ്യുമെന്നതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി പുതിയ ശീർഷകമനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

## കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന് കീഴിലുള്ള 7 യൂണിറ്റുകളിലും വൈദ്യുതികുടിശ്ശിക അടച്ചുതീർക്കാൻ സാധിക്കാതെ പ്രതിസന്ധി നേരിടുകയാണ്. ആയതിലേയ്ക്ക് സമിതി നിർദ്ദേശിച്ച പ്രകാരം കോർപ്പറേഷന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ സൗരോർജ നിർമ്മാണ പദ്ധതിയെ സ്വാഗതം ചെയ്യുന്നു.

കോർപ്പറേഷന് കീഴിലുള്ള മില്ലുകളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഭാവിയിൽ സ്ഥാപനത്തിന്റെ വിപുലീകരണ പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്. ആയതിനാൽ, മില്ലുകളുടെ കോൺക്രീറ്റ് നിർമ്മിതമായ ഫ്ളാറ്റ് മേൽക്കൂരകൾ സോളാർ പദ്ധതിക്കാവശ്യമായ സജ്ജീകരണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഈ ഇനത്തിൽ 1309 സ്ക്വയർ മീറ്റർ ഫ്ളാറ്റ് മേൽക്കൂര മില്ലുകളിൽ നിലവിലുണ്ട്. ഈ സ്ഥലം ഫലവത്താകുന്ന രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

<u>സീതാറാം ടെക്സ്റ്റൈൽസ്</u>

സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ വൈദ്യുതി കുടിശ്ശിക അടച്ച് തീർക്കാൻ സാധിക്കാതെ പ്രതിസന്ധി നേരിടുകയാണ്. ആയതിലേക്ക് സമിതി നിർദ്ദേശിച്ച പ്രകാരം പദ്ധതിയെ സ്വാഗതം ചെയ്യുന്നു. മില്ലിലെ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടം സോളാർ പദ്ധതിക്കാവശ്യമായ സജ്ജീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.

<u>ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്</u>

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഏകദേശം എൺപതിനായിരം ചതുരശ്ര അടി കെട്ടിടത്തിന്റെ മേൽക്കൂരകൾ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണ്. കമ്പനിക്ക് നാളിതു വരെ വൈദ്യുതി ഇനത്തിൽ 127 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്. ആയതിനാൽ കമ്പനിയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും) (2020-21) വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 44-ൽ പറഞ്ഞിട്ടുള്ളതുപോലെ പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തുന്ന വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പിനോട് അഭിപ്രായം ആരാഞ്ഞിരുന്നു.

എന്നാൽ നടപ്പുസാമ്പത്തികവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തുക വകയിരുത്താൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിക്കുകയും അടുത്ത വർഷത്തെ പദ്ധതിയിൽ പ്രസ്തുത തുക ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## <u>അധ്യായം II</u>

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ.

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| വ്യവസായം | 2, 4-19, 24-28, 30-38, 40, 42, 43 |

**പി. രാജീവ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം
2021, ജൂൺ 30.